"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പാലക്കാട് ജില്ലയിലെ രണ്ടാം വിള നെൽകൃഷിക്ക് ആവശ്യമായ വെള്ളം ലഭ്യമാക്കുന്നതിന് കനാലുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചെളിയും മറ്റു തടസ്സങ്ങളും നീക്കം ചെയ്യുന്നതിനുമുള്ള പ്രവൃത്തികൾക്കായി തുക ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2714/2025/LSGD തീയതി,തിരുവനന്തപുരം, 07-11-2025

---

പരാമർശം:- 1. പാലക്കാട് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 13.09.2024-ലെ തീരുമാനം നമ്പർ 9(23) (SRG-1186/24/ CC/778/2024)

2. 30.01.2025-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.12

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ രണ്ടാം വിള നെൽകൃഷിക്ക് ആവശ്യമായ വെള്ളം ലഭ്യമാക്കുന്നതിന് കനാലുകൾ വൃത്തിയാക്കി അറ്റകുറ്റപ്പണി നടത്തേണ്ടതുണ്ട്. ജില്ലയിലെ മലമ്പുഴ, കാഞ്ഞിരപ്പുഴ, ചിറ്റൂർ ഇറിഗേഷൻ ഡിവിഷനുകൾക്ക് കീഴിലുള്ള കനാലുകളിലാണ് അറ്റകുറ്റപ്പണി നടത്തേണ്ടത്. 2022-23 വർഷം മുതൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതിയുടെ അനുമതിയോടെ കനാലുകൾ വൃത്തിയാക്കാൻ തുക ചെലവഴിച്ചിരുന്നു. ആവർത്തന സ്വഭാവമുള്ള ജോലിയായതിനാൽ MGNREGS മുഖേന ഈ പ്രവർത്തനം നടത്താൻ കഴിയില്ല. കനാലുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചെളിയും മറ്റു തടസ്സങ്ങളും നീക്കം ചെയ്യുന്നതിനുമുള്ള ഈ പ്രവൃത്തികൾക്കായി തുക ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഡെപ്പോസിറ്റ് ചെയ്യാൻ (പ്രോജക്റ്റ് നമ്പർ 24/25, അടങ്കൽ - 1,00,00,000 രൂപ (CFC Tied Grant), പദ്ധതിയുടെ പേര് - ജലസേചന പ്രവൃത്തികൾ - സംയുക്തം) അനുമതി നൽകുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു

2. കനാൽ വൃത്തിയാക്കേണ്ട ചുമതല ഇറിഗേഷൻ വകുപ്പിന്റേതാണ്. ഇറിഗേഷൻ വകുപ്പിന്റെ വിഹിതം കൂടി ഉപയോഗിച്ചതിനുശേഷം ആവശ്യമായ ബാക്കി വിഹിതം ജില്ലാ പഞ്ചായത്ത് ഉപയോഗിക്കുന്നതിന്റെ സാധ്യത

ഉറപ്പാക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ സമീപ പ്രദേശത്തെ കുടിവെള്ള സ്രോതസ്സുകളിൽ ശുദ്ധജലം ഉറപ്പാക്കാനും സഹായകരമാവും എന്നത് പരിഗണിച്ച് കനാലുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചെളിയും മറ്റു തടസ്സങ്ങളും നീക്കം ചെയ്യുന്നതിനുമുള്ള പ്രവൃത്തികൾക്കായി തുക ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഡെപ്പോസിറ്റ് ചെയ്യാൻ പാലക്കാട് ജില്ലാ പഞ്ചായത്തിന് അനുമതി നൽകുന്നതിനു വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗം പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കനാലുകളിൽ അറ്റകുറ്റപണി നടത്തുന്നത് സമീപ പ്രദേശത്തെ കുടിവെള്ള സ്രോതസ്സുകളിൽ ശുദ്ധജലം ഉറപ്പാക്കുന്നതിന് സഹായകരമാവും എന്നത് പരിഗണിച്ച്, പാലക്കാട് ജില്ലയിലെ മലമ്പുഴ, കാഞ്ഞിരപ്പുഴ, ചിറ്റൂർ ഇറിഗേഷൻ ഡിവിഷനുകൾക്ക് കീഴിലുള്ള കനാലുകളിൽ അറ്റകുറ്റപണി നടത്തുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ വിഹിതം കൂടി ഉപയോഗിച്ചതിനുശേഷം ആവശ്യമായ ബാക്കി വിഹിതം ജില്ലാ പഞ്ചായത്ത് ഉപയോഗിക്കുന്നതിന്റെ സാധ്യത ഉറപ്പാക്കിക്കൊണ്ട് കനാലുകളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചെളിയും മറ്റു തടസ്സങ്ങളും നീക്കം ചെയ്യുന്നതിനുമുള്ള പ്രവൃത്തികൾക്കായി തുക ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ഡെപ്പോസിറ്റ് ചെയ്യാൻ ( പ്രോജക്റ്റ് നമ്പർ 24/25, അടങ്കൽ - 1,00,00,000 രൂപ (CFC Tied Grant), പദ്ധതിയുടെ പേര് - ജലസേചന പ്രവൃത്തികൾ - സംയുക്തം) പാലക്കാട് ജില്ലാ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, പാലക്കാട് ജില്ലാപഞ്ചായത്ത്, പാലക്കാട്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്I /ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
Date: 07-11-2025 11:58:06
സെക്ഷൻ ഓഫീസർ